**ചരമോപചാരം**

എ.സി. ജോസിന്റെ നിര്യാണം

മി. സ്പീക്കർ: ഓർഡർ . . . . ഓർഡർ . . . . മുൻ നിയമസഭാ സ്പീക്കർ എ. സി. ജോസ് 2016 ജനവരി 23-ന് അന്തരിച്ചു. എറണാകുളം ജില്ലയിൽ അമ്പാട്ട് എ. സി. ചാക്കോയുടെ മകനായി 1937 മേയ് 9-ന് എ. സി. ജോസ് ജനിച്ചു. വിദ്യാർത്ഥിയായിരിക്കെ കേരള സ്റ്റുഡന്റ്സ് യൂണിയനിലൂടെ പൊതുപ്രവർത്തന രംഗത്തെത്തി. എറണാകുളം ലാ കോളേജിൽ നിന്നും നിയമബിരുദം നേടിയശേഷം കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു.

വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിലൂടെ കേരള രാഷ്ട്രീയത്തിൽ സജീവമായ എ. സി. ജോസ് 1980-ൽ പറവൂർ നിയോജകമണ്ഡലത്തിൽ നിന്നും ആറാം കേരള നിയമസഭയിലേക്ക് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (യു) പ്രതിനിധിയായും ഏഴാം നിയമസഭയിലേക്ക് 1984-ൽ അതേ നിയോജകമണ്ഡലത്തിൽ നിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രതിനിധിയായും തെരഞ്ഞെടുക്കപ്പെട്ടു. ആറാം നിയമസഭയുടെ കാലയളവിൽ 1982 ഫെബ്രുവരി 3 മുതൽ ജൂൺ 23 വരെ സ്പീക്കർ പദവി വഹിച്ച അദ്ദേഹം ഭരണഘടനാപരമായി സ്പീക്കറിൽ നിക്ഷിപ്തമായ ചുമതലകൾ വിമർശനങ്ങൾക്കിടയിലും യഥാവിധി നിർവ്വഹിച്ചു. പ്രിവിലേജസ്

കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി എന്നീ നിയമസഭാ സമിതികളുടെ ചെയർമാൻ എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിയിട്ടുള്ളത്.

1996-ൽ ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്നും പതിനൊന്നാം ലോകസഭയിലേക്കും 1998-ൽ മുകുന്ദപുരം നിയോജക മണ്ഡലത്തിൽ നിന്നും പന്ത്രണ്ടാം ലോകസഭയിലേക്കും 1999-ൽ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിന്നും പതിമൂന്നാം ലോകസഭയിലേക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രതിനിധിയായി എ. സി. ജോസ് തെരഞ്ഞെടുക്കപ്പെട്ടു.

ലോകസഭയുടെ പ്രിവിലേജ്സ് കമ്മിറ്റി, കമ്മിറ്റി ഓൺ എക്സ്റ്റേണൽ അഫയേഴ്സ്, കമ്മിറ്റി ഓൺ ട്രാൻസ്പോർട്ട് ആന്റ് ടൂറിസം, പാർലമെന്റ് അംഗങ്ങളുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച സംയുക്ത സമിതി, കമ്മിറ്റി ഓൺ ഇൻഡസ്ട്രി തുടങ്ങിയ നിരവധി പാർലമെന്ററി സമിതികളിലെയും കേന്ദ്രമന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട വിവിധ കൺസൾട്ടേറ്റീവ് കമ്മിറ്റികളിലെയും അംഗം എന്ന നിലയിൽ അദ്ദേഹം പ്രശംസനീയമായ സേവനമാണ് കാഴ്ചവച്ചിട്ടുള്ളത്.

ഐക്യരാഷ്ട്ര സഭയുടെ പൊതുസഭയിലേക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തിൽ അംഗം, കൊച്ചിൻ കോർപ്പറേഷൻ മേയർ എന്നീ നിലകളിലും പ്രവർത്തിച്ച അദ്ദേഹം കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ്സ്

സംസ്ഥാന ജനറൽ സെക്രട്ടറി, കെ.പി.സി.സി. വൈസ് പ്രസിഡന്റ്, കയർ ബോർഡ് ചെയർമാൻ, ഐ.എൻ.റ്റി.യു.സി. സംസ്ഥാന ട്രഷറർ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുണ്ട്. വീക്ഷണം മാനേജിംഗ് ഡയറക്ടർ, ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വം വഹിച്ചിട്ടുള്ള എ. സി. ജോസ് ഈ രംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്നു.

എ. സി. ജോസിന്റെ നിര്യാണത്തോടെ പൊതുപ്രവർത്തകർക്ക് മാതൃകയായ മികച്ച ഒരു സംഘാടകനേയും ട്രേഡ് യൂണിയൻ നേതാവിനേയും പാർലമെന്റേറിയനേയും നിർഭയനായ പത്രപ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഞാൻ 5 മിനിറ്റ് വൈകിയതിന് ആദ്യമായി ഖേദം പ്രകടിപ്പിക്കുന്നു. 9 മണിക്കാണ് സഭ തുടങ്ങുന്നതെന്ന ധാരണയുണ്ടായിപ്പോയതാണ് വൈകിയതിനുള്ള കാരണം.

എ. സി. ജോസിന്റെ വേർപാട് നമ്മുടെ പൊതുജീവിതത്തിലുണ്ടായ ഒരു വലിയ നഷ്ടമാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തുവന്ന എ. സി. ജോസ്, അര നൂറ്റാണ്ടിലേറെക്കാലം കേരളത്തിന്റെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്നു പ്രവർത്തിച്ച ഒരു നേതാവായിരുന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിലും യുവജന

രാഷ്ട്രീയത്തിലും കോൺഗ്രസ്സിലും ഐ.എൻ.റ്റി.യു.സി.യിലുമെല്ലാമുള്ള അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും നേതൃത്വവും വളരെ സജീവമാണ്. എം.എൽ.എ. എന്ന നിലയിലും എം.പി. എന്ന നിലയിലും ഒരു മികച്ച പാർലമെന്റേറിയനാണ്. ചുരുങ്ങിയ നാൾ മാത്രമേ ഈ സഭയുടെ നാഥനായി ഇരുന്നിട്ടുള്ളൂവെങ്കിലും അദ്ദേഹത്തിന്റെ പക്വതയും ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലുള്ള ജാഗ്രതയും - ഈ രണ്ട് പദവും ഞാൻ ഒരുപോലെ ഉപയോഗിക്കുന്നു - മിതത്വവും ജാഗ്രതയും വളരെ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ട്രേഡ് യൂണിയൻ രംഗത്ത് തൊഴിലാളി സമൂഹത്തിനുവേണ്ടി അദ്ദേഹം പല അവസരങ്ങളിലും രാഷ്ട്രീയംപോലും കണ്ടിരുന്നില്ല. രാഷ്ട്രീയത്തിനതീതമായ നിലയിൽ, തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി, അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടിട്ടുള്ള അദ്ദേഹത്തെ ഈ അവസരത്തിൽ പ്രത്യേകിച്ച് ഞാൻ സ്മരിക്കുകയാണ്. നിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള പോരാട്ടങ്ങളും ഇടപെടലുകളും അതിനുവേണ്ടി ചെലവഴിച്ച സമയങ്ങളും എല്ലാം വളരെ കൂടുതലാണ്. മരിക്കുന്നതിന്റെ അന്നും അദ്ദേഹം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, നിർമ്മാണത്തൊഴിലാളികളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് വന്നിരുന്നു. അവസാന

നിമിഷംവരെ അദ്ദേഹം പൊതുപ്രവർത്തന രംഗങ്ങളിൽ സജീവമായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് കോൺഗ്രസ്സിനും ഐ.എൻ.റ്റി.യു.സി.ക്കും പൊതുസമൂഹത്തിനും തൊഴിലാളി മേഖലയ്ക്കും വന്നിട്ടുള്ള വലിയൊരു നഷ്ടമാണ്. ഞാൻ എന്റെ പൊതുപ്രവർത്തനം ആരംഭിക്കുന്ന കാലം മുതൽ അദ്ദേഹം എന്റെ നേതാവായിരുന്നു. അദ്ദേഹം കെ.എസ്.യു. പ്രസിഡന്റായ ശേഷമാണ് ഞാൻ കെ.എസ്.യു.വിൽ പ്രവർത്തനം ആരംഭിക്കുന്നത്. അദ്ദേഹവുമായി 50 കൊല്ലത്തിലധികം അടുത്ത ബന്ധമുള്ള എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു വ്യക്തിപരമായ നഷ്ടം കൂടിയാണ്. ആ സ്മരണയ്ക്ക് മുന്നിൽ ഞാൻ തല കുനിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടുള്ള അനുശോചനം ഞാൻ എനിക്കുവേണ്ടി, എന്റെ പാർട്ടിക്കുവേണ്ടി പ്രകടിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, മുൻ സ്പീക്കർ എ. സി. ജോസിന്റെ നിര്യാണം നമുക്കും രാജ്യത്തിനും ആകെത്തന്നെ വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം സ്പീക്കർ ആയതുകൊണ്ടുമാത്രമല്ല, ലോകസഭാ മെമ്പറും സമർത്ഥനായ ട്രേഡ് യൂണിയൻ പ്രവർത്തകനും സർവ്വോപരി വിവിധ പ്രശ്നങ്ങളിലെല്ലാം ഇടപെട്ട് ഒരു പ്രമുഖനായ നേതാവായി, പൊതുപ്രവർത്തകനായി ശോഭിച്ചിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ കക്ഷിയും അത്യന്തം

ദുഃഖിക്കുന്നു, ഞങ്ങളുടെ അനുശോചനം രേഖപ്പെടുത്തുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, എ.സി. ജോസിന് വളരെ നല്ലൊരു വ്യക്തിത്വമുണ്ടായിരുന്നു. തെളിഞ്ഞ ചിന്ത, ആശയദൃഢത തുടങ്ങിയ വ്യത്യസ്തങ്ങളായ കർമ്മമണ്ഡലങ്ങളിൽ ശോഭിച്ചിരുന്ന അദ്ദേഹം ഒരു ബഹുമുഖ പ്രതിഭയായിരുന്നു. കെ. സി. എന്ന പ്രസ്ഥാനത്തെ രൂപപ്പെടുത്തുന്നതിലും കെട്ടിപ്പടുക്കുന്നതിലും നിർണ്ണായക പങ്ക് വഹിച്ച വ്യക്തി പിന്നീട് യൂത്ത് കോൺഗ്രസ്സിന്റെ സാരഥിയാകുകയും അങ്ങനെ സജീവമായി താൻ വിശ്വസിച്ചിരുന്ന തന്റെ രാഷ്ട്രീയപ്രസ്ഥാനത്തോട് നൂറ് ശതമാനവും കൂറ് പുലർത്തിയിട്ടുള്ള വ്യക്തിയുമായിരുന്നു. പഠന സമയത്തുതന്നെ ജോലിയിലുമേർപ്പെട്ടിരുന്ന അദ്ദേഹം പിന്നീട് തൊഴിലാളികളുടെ നേതാവായി വളർന്നുവന്നു. തൊഴിലാളി പ്രസ്ഥാനത്തിന്റെ സാരഥിയായിരിക്കുമ്പോൾ അവരുടെ മനസ്സ് തൊട്ടറിഞ്ഞ ഒരു വ്യക്തിയായിട്ടാണ് അദ്ദേഹം നിലകൊണ്ടത്. അദ്ദേഹം മേയറായും നിയമസഭാ സാമാജികനായും സ്പീക്കറായും പ്രവർത്തിച്ചു. അവിടെയൊക്കെ അദ്ദേഹം കാണിച്ചിട്ടുള്ള പാടവം എല്ലാവരും അംഗീകരിക്കുന്നതാണ്. മാത്രമല്ല, ഈ നിയമസഭയിൽത്തന്നെ അദ്ദേഹത്തിന്റെ പേരിൽ ഒന്നോരണ്ടോ ചരിത്രമുഹൂർത്തങ്ങളുണ്ടായിട്ടുണ്ട്. കാസ്റ്റിംഗ് വോട്ട്

രേഖപ്പെടുത്തിയ വ്യക്തിയെന്നുള്ള നിലയ്ക്ക് രണ്ട് തലത്തിലുള്ള ചർച്ചകൾ വന്നപ്പോഴും വലിയ മനസ്സാന്നിധ്യത്തോടുകൂടി അതിനെയൊക്കെ അദ്ദേഹം നേരിടുകയുണ്ടായി. വോട്ടിംഗ് മെഷീൻ വന്ന ഘട്ടത്തിൽ 50 ബൂത്തുകളിൽ നടന്നിട്ടുള്ള റീ-കൗണ്ടിംഗിന്റെ ഭാഗമായി വിജയിച്ചുവരാൻ സാധിച്ച വ്യക്തി എന്ന നിലയ്ക്കുള്ള ഒരു ചരിത്രവും അദ്ദേഹത്തിന്റെ പേരിലുണ്ട്. ഇതിനുപുറമെ ഒരു പത്രാധിപൻ എന്നുള്ള നിലയ്ക്ക് വീക്ഷണത്തിന്റെ സാരഥ്യം ഏറ്റെടുത്തുകൊണ്ട് അതിലുള്ള കഴിവ് അദ്ദേഹം തെളിയിച്ചിട്ടുണ്ട്. അദ്ദേഹം സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റായിരുന്നു. കൂടാതെ, ഒളിമ്പിക്സ് ടീമിനോടൊപ്പം ലോസ് ഏഞ്ചൽസിൽ പോകാനുള്ള ഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. പാർലമെന്റിൽ അദ്ദേഹം വിവിധ കൺസൾട്ടേറ്റീവ് കമ്മിറ്റികളിലൊക്കെ പ്രവർത്തിച്ച് പരിചയ സമ്പത്ത് നേടിയിരുന്നു. അവസാന നിമിഷംവരെ അദ്ദേഹം കർമ്മനിരതനായിരുന്നു. തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് പോകുന്ന വഴി അദ്ദേഹത്തിന് നെഞ്ചുവേദന അനുഭവപ്പെടുകയും പെട്ടെന്ന് അദ്ദേഹം നമ്മെ വിട്ടുപിരിയുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഈ സഭ പ്രകടിപ്പിച്ച ദുഃഖത്തിലും അതോടൊപ്പംതന്നെ കുടുംബാംഗങ്ങളുടെ ദുഃഖത്തിലും ഞാനും എന്റെ പാർട്ടിയും ഞങ്ങളുടെ ദുഃഖം അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ബഹുമാന്യനായ ഡോ. എം.കെ. മുനീർ തുടങ്ങിയവർ പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. എനിക്ക് അദ്ദേഹവുമായി കുറച്ചധികം ബന്ധങ്ങൾ ട്രേഡ് യൂണിയൻ രംഗത്തുണ്ടായിരുന്നു. ഞാൻ പരിചയപ്പെട്ട കോൺഗ്രസ് നേതാക്കന്മാരിൽ അസാധാരണ സ്നേഹവാത്സല്യങ്ങളുള്ള, രാഷ്ട്രീയ താല്പര്യത്തിനതീതമായി മറ്റുള്ളവരെ ബഹുമാനിക്കുകയും അവരുടെ അഭിപ്രായങ്ങൾ മാനിക്കുകയും ചെയ്യുന്ന അസാധാരണമായ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹം. അതുപോലെ ഞങ്ങളുടെ പാർട്ടിയുടെ പഴയകാല നേതാക്കന്മാരായ സി. അച്ചുതമേനോൻ, എം.എൻ. ഗോവിന്ദൻ നായർ തുടങ്ങിയവർ എ.സി. ജോസിനെപോലെയുള്ള ആളുകളെക്കുറിച്ച് ഞങ്ങളോട് പല അഭിപ്രായങ്ങളും പങ്കിടുമായിരുന്നു. ഞാൻ അദ്ദേഹവുമായി അടുത്ത് പരിചയപ്പെട്ടപ്പോഴാണ് ഈ കാര്യം മനസ്സിലായത്. കേരളത്തിലെ ഏറ്റവും ഉന്നതനായ ഒരു രാഷ്ട്രീയ നേതാവ്, കേരളത്തിൽ ഏറ്റവും പാപ്പരീകരിച്ച തൊഴിലാളികൾക്കുവേണ്ടി പ്രവർത്തനമാരംഭിച്ചു. സ്ഥിരമായ വരുമാനവും ആനുകൂല്യങ്ങളുമുള്ള തൊഴിലാളി വിഭാഗങ്ങളെ അന്വേഷിക്കാതെ അസംഘടിതരായിരുന്ന, ഗതിയില്ലാത്ത, കേരളത്തിലെ നിർമ്മാണ

തൊഴിലാളികളെ കണ്ടെത്തി അവർക്ക് ശക്തമായ ഒരു സംഘടന കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം നിർവ്വഹിച്ച പങ്ക് കേരളത്തിന്റെ ട്രേഡ് യൂണിയൻ ചരിത്രത്തിൽ അവിസ്മരണീയമാണ്. സ്പീക്കർ എന്നുള്ള നിലയിൽ, പാർലമെന്ററി പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിഞ്ഞതുകൊണ്ട് അദ്ദേഹം സ്പീക്കർ എന്നുള്ള നിലയിലും ചരിത്രത്തിന്റെ ഭാഗവുമായിരിക്കുകയാണ്. നമ്മളിൽ ഒരാൾ മൂന്നുതവണ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുത്തു എന്നു പറയുമ്പോൾ അത് വളരെ അഭിമാനകരമായ ഒരു കാര്യമാണ്. അദ്ദേഹം സത്യസന്ധനായിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ കറപുരളാത്ത ധന്യമായ ഒരു രാഷ്ട്രീയ ജീവിതത്തിന്റെ ഉടമയായിരുന്നു. അതോടൊപ്പംതന്നെ അദ്ദേഹം വീക്ഷണം പത്രത്തിന്റെ പത്രാധിപനായിരുന്നു. പത്രധർമ്മം എന്താണെന്ന് അദ്ദേഹം നമ്മളെ പഠിപ്പിച്ചു. പത്രമാനേജ്മെന്റിന്റെ അഭിപ്രായമല്ല പത്രധർമ്മം, വ്യത്യസ്തമായ ഒരു പത്രാധിപർക്ക് ഒരു പത്രം വഴി വ്യത്യസ്തമായ അഭിപ്രായം രേഖപ്പെടുത്താനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് അദ്ദേഹം ധീരമായി തെളിയിച്ചു. ഏതു കാര്യത്തിലും അദ്ദേഹം നിർഭയമായി വിനയത്തോടുകൂടി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമായിരുന്നു. മറ്റു രാഷ്ട്രീയ നേതാക്കന്മാരോടും പ്രവർത്തകരോടും സൗമ്യമായി, സ്നേഹമായി ഇടപെടാനുള്ള

അദ്ദേഹത്തിന്റെ കഴിവാണ് എന്നെ ആകർഷിച്ചിട്ടുള്ള ഒരു വ്യക്തിത്വമാണെന്നു പറയുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തോടുള്ള ദു:ഖം ഞാനും പങ്ക് വയ്ക്കുന്നു. എന്റെ പാർട്ടിയുടെ അത്യഗാധമായ ദു:ഖം ഞാൻ സഭയിൽ രേഖപ്പെടുത്തുന്നു.

ശ്രീ. കെ.എം. മാണി: സർ, നമ്മെയെല്ലാം ദു:ഖത്തിലാഴ്ത്തിയ സംഭവമായിരുന്നു പ്രിയപ്പെട്ട എ.സി. ജോസിന്റെ വേർപാട്. കേരള രാഷ്ട്രീയ മണ്ഡലത്തിനും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനും തീരാത്ത ഒരു നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടുകൊണ്ട് ഉണ്ടായിട്ടുള്ളത്. വിദ്യാർത്ഥി യുവജനപ്രസ്ഥാനത്തിലൂടെ വളർന്നുവന്ന ഒരു നേതാവായിരുന്നു എ.സി. ജോസ്. ഉന്നതമായ സ്ഥാനങ്ങളിൽ അദ്ദേഹം എത്തുകയുണ്ടായി. മൂന്നുതവണ ലോക്സഭാ മെമ്പർ, രണ്ടു തവണ നിയമസഭാ മെമ്പർ, നിയമസഭാ സ്പീക്കർ എന്നീ നിലയിലെല്ലാം അദ്ദേഹം പ്രവർത്തിച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനമായത് അദ്ദേഹം സ്പീക്കറായി ചുമതലയേറ്റ കാലഘട്ടമായിരുന്നു. വളരെ വിഷമംപിടിച്ച സന്ദർഭത്തിലായിരുന്നു അദ്ദേഹം സ്പീക്കറായത്. ഭരണ-പ്രതിപക്ഷ കക്ഷികൾ തുല്യ ശക്തികളായി പൊരുതിക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിൽ സ്പീക്കറായിരിക്കുക എന്നു പറയുന്നത് വളരെ ശ്രമകരമായ ഒരു ജോലിയാണ്. അങ്ങനെ തുല്യശക്തികളായി നിന്നിരുന്ന

ഒരു സമയത്തായിരുന്നു പ്രിയപ്പെട്ട എ. സി. ജോസ് സ്പീക്കറായത്. എങ്കിലും പ്രഗല്ഭമതിയായ ഒരു സ്പീക്കറെന്നുള്ള നിലയ്ക്ക് അദ്ദേഹത്തിന് വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞു എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മേയറായിരുന്നു അദ്ദേഹം. ഒരു മേയർ എന്നുള്ള നിലയിലും കൊച്ചിൻ കോർപ്പറേഷന്റെ സമഗ്ര വികസനത്തിനുവേണ്ടി വളരെയേറെ സംഭാവനകൾ ചെയ്യുവാൻ കഴിഞ്ഞ ഒരു വ്യക്തിയായിരുന്നു എ.സി. ജോസ്. അദ്ദേഹം എം.എൽ.എ. ആയിരുന്ന കാലഘട്ടത്തിൽ നല്ലൊരു പാർലമെന്റേറിയനായിരുന്നു എന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അഭിഭാഷകൻ എന്നുള്ള നിലയിൽ കേരള ഹൈക്കോടതിയിൽ അദ്ദേഹം കുറെ വർഷങ്ങൾ നല്ല ഒരു അഭിഭാഷകനായി പ്രവർത്തിച്ചിരുന്നു. പ്രിയപ്പെട്ട ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു തൊഴിലാളി നേതാവ് എന്നുള്ള നിലയിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായി. നല്ലൊരു തൊഴിലാളി നോതാവായിരുന്നു. തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയ ഒരു തൊഴിലാളി നേതാവിനെയാണ് കേരളത്തിന് നഷ്ടപ്പെട്ടത്. അദ്ദേഹം എഴുത്തുകാരനും ഗ്രന്ഥകർത്താവും പത്രാധിപരുമായിരുന്നു. എല്ലാ നിലകളിലും ബഹുമുഖ

വ്യക്തിത്വമായിരുന്ന എ.സി. ജോസിന്റേത്. അങ്ങനെയുള്ള മഹാനായ വ്യക്തിയുടെ വേർപാടിൽ നമ്മൾ എല്ലാവരും ദു:ഖിക്കുന്ന ഈ സന്ദർഭത്തിൽ എല്ലാവരുടെയും ദു:ഖത്തിൽ ഞാനും പങ്ക് ചേരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, നമ്മെ വിട്ടുപിരിഞ്ഞ മുൻ സ്പീക്കറായ എ.സി. ജോസിനെ സംബന്ധിച്ച് അങ്ങും ബഹുമാനപ്പെട്ട സഭാ നേതാവും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കളും പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാനും എന്റെ കക്ഷിയും യോജിക്കുകയാണ്. പൊതു പ്രവർത്തനത്തിന്റെ സുതാര്യതകൊണ്ട് വളരെ ശ്രദ്ധേയനായ ഒരു പൊതുപ്രവർത്തകനായിരുന്നു എ.സി. ജോസ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയും യുവജനപ്രസ്ഥാനത്തിലൂടെയും പാർട്ടിയിൽ ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അടിത്തട്ടുമുതലുള്ള ജനങ്ങളോട് പരിപൂർണ്ണമായി കൂറു പുലർത്തി ജനങ്ങളെ സ്നേഹിച്ച് പൊതുപ്രവർത്തനം നടത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ള കാര്യം പ്രത്യേകമായി എടുത്തുപറയേണ്ടതുണ്ട്. പാർട്ടിയോട് കൂറും അതേസമയം ജനങ്ങളോട് വിധേയത്വവും പുലർത്തുവാൻ പൊതുപ്രവർത്തന കാലഘട്ടത്തിൽ അദ്ദേഹത്തിന് കഴിഞ്ഞു. ഒരു കാലഘട്ടത്തിലും അധികാര പദവികൾ അദ്ദേഹം

ദുരുപയോഗപ്പെടുത്തിയിട്ടില്ല. മനുഷ്യസ്നേഹത്തിന്റെ ഒരു പര്യായമായിരുന്നു അദ്ദേഹം. ആ സ്നേഹം പങ്ക് വയ്ക്കുന്നതിൽ ഒരു വേർതിരിവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. സ്വന്തം പാർട്ടിക്കപ്പുറത്ത് വ്യത്യസ്ത രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകളോടും ഏറ്റവും വലിയ സൗഹൃദം പുലർത്താൻ ഏറ്റവും ഊഷ്മളമായ ബന്ധങ്ങൾ നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു എന്നത് ഞാൻ പ്രത്യേകം ഓർക്കുകയാണ്. നിയമസഭാ സ്പീക്കറായി വളരെ ചുരുങ്ങിയ കാലഘട്ടമായിരുന്നു അദ്ദേഹം പ്രവർത്തിച്ചത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഏറ്റവും വിഷമമേറിയൊരു കാലഘട്ടത്തിലാണ് അദ്ദേഹം സ്പീക്കർ പദവി വഹിച്ചത്. 1980-ലെ ഇ.കെ. നായനാർ മന്ത്രിസഭയിൽ ചില ഘടകകക്ഷികൾ വിട്ടുപോയി പ്രതിപക്ഷത്തോടൊപ്പം ചേർന്ന് മറ്റൊരു മന്ത്രിസഭ ഉണ്ടാക്കുമ്പോൾ കേവലം ഒരു വോട്ടിന്റെ ഭൂരിപക്ഷം, ആ വോട്ട് സ്പീക്കറുടേതായി മാറിയപ്പോൾ കാസ്റ്റിംഗ് വോട്ടായി എല്ലാകാര്യങ്ങളിലും വോട്ട് ചെയ്യേണ്ടി വന്ന, വളരെ ബുദ്ധിമുട്ടുള്ളൊരു സാഹചര്യം അദ്ദേഹത്തിന് പാർട്ടിക്കുവേണ്ടി ഏൽക്കേണ്ടി വന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു സാഹചര്യം ഒരു സ്പീക്കർക്കും ഉണ്ടായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ സ്വന്തം രാഷ്ട്രീയവിശ്വാസത്തിനുവേണ്ടി ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ സ്വയം ഏറ്റെടുത്തുകൊണ്ട്, തന്റെ രാഷ്ട്രീയവിശ്വാസം

ഉറപ്പിച്ച് നാട്ടിൽ സത്യസന്ധമായ ഒരു രാഷ്ട്രീയത്തിന്റെ സന്ദേശം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നത് പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. തൊഴിലാളി പ്രവർത്തനരംഗത്ത് അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ അതുല്യമാണ്. അസംഘടിതരായിരുന്ന തൊഴിലാളി മേഖലകളിൽ തൊഴിലാളികളെ സംഘടിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് അദ്ദേഹത്തിന്റെ തൊഴിലാളി സംഘടനാപ്രവർത്തനത്തിൽ ഏറ്റവും വലിയ നേട്ടം. എ. സി. ജോസിന്റെ ജീവിതം വളരെ വിലപ്പെട്ടതായിരുന്നു, സഫലമായിരുന്നുവെന്ന് നമുക്ക് ഓർമ്മിക്കാം. അദ്ദേഹത്തിന്റെ വിയോഗത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും ബന്ധുമിത്രാദികളോടും ഞാനും എന്റെ പാർട്ടിയും അനുശോചനമറിയിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-കായിക രംഗങ്ങളിലൊക്കെ വളരെയധികം ശക്തമായൊരു ഇടപെടൽ ഉണ്ടാക്കിയെടുത്തുകൊണ്ട് കേരള സംസ്ഥാനത്ത് മൂന്നുതവണ ലോകസഭാ അംഗമെന്ന നിലയിലും രണ്ടുതവണ നിയമസഭാ അംഗമെന്ന നിലയിലും സ്പീക്കർ എന്ന നിലയിലും തന്റെ പ്രവർത്തനം ഉഴിഞ്ഞുവച്ചുകൊണ്ട് പ്രവർത്തിച്ച ഒരു മഹാനായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എ. സി. ജോസ്. അദ്ദേഹത്തിന്റെ

മാതൃകാപരമായ പ്രവർത്തനങ്ങൾ സമൂഹത്തിന് പാഠ്യവിഷയമാക്കേണ്ടതുണ്ട്. ശ്രീ. മാത്യൂ റ്റി. തോമസ് സൂചിപ്പിച്ചതുപോലെ, അസംഘടിതരായ നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അവർക്കുവേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കാൻ മുന്നിട്ടിറങ്ങിയ ഒരു തൊഴിലാളി നേതാവ് കൂടിയായിരുന്നു അദ്ദേഹം. മറുപടി പറയുന്ന കാര്യത്തിലാണെങ്കിലും ഉരുളയ്ക്ക് ഉപ്പേരി എന്ന നിലയിൽ വാക്കുകൾ കൊണ്ട് അമ്മാനമാടിയ ഒരു മഹത് വ്യക്തിത്വത്തിന്റെ ഉടമ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക-കായിക രംഗങ്ങളിലൊക്കെ വളരെയധികം നഷ്ടമാണ് നമുക്ക് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആയിരുന്ന സമയത്തായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ കൂടുതൽ ബന്ധപ്പെടാൻ സാധിച്ചത്. അദ്ദേഹം ആ രംഗത്ത് പ്രവർത്തിച്ചതുകൊണ്ട് വിവിധ സ്റ്റേഡിയങ്ങളടക്കം പുതുതായി നിർമ്മിക്കാൻ കഴിയുന്ന രൂപത്തിലൊക്കെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം കേരളത്തെ സംബന്ധിച്ച് വലിയ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങൾക്കുണ്ടായ ദു:ഖത്തിൽ ഞാനും എന്റെ രാഷ്ട്രീയപ്രസ്ഥാനവും പങ്കുചേരുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അന്തരിച്ച മുൻസ്പീക്കർ എ. സി. ജോസിനെക്കുറിച്ച് സംസാരിച്ചവരെല്ലാം പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ജോസിനെ അനുസ്മരിച്ച് ഇങ്ങനെയൊരു ചരമോപചാരം ഈ സഭയിൽ എനിക്ക് നടത്തേണ്ടി വരുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചതല്ല. അദ്ദേഹം അംഗമായ രണ്ട് സഭകളിലും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അതിനേക്കാളെല്ലാം ഉപരിയായി മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച കാലംമുതൽ എ. സി. ജോസും അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരൻ കേന്ദ്ര മന്ത്രി ആയിരുന്ന എ. സി. ജോർജ്ജും എന്റെ കുടുംബ ബന്ധുക്കളായിരുന്നു. എ. സി. ജോസിന്റെ പ്രിയപ്പെട്ട പത്നി ശ്രീമതി ലീലാമ്മ ഞങ്ങളുടെയെല്ലാം സഹോദരി ആയിരുന്നു. ഞങ്ങൾ എറണാകുളത്ത് എത്തിയാൽ ഭക്ഷണം അവിടുന്നാണ് കിട്ടിയിരുന്നത്. അന്നത്തെ കാലത്തെ രാഷ്ട്രീയ പ്രവർത്തകർക്ക് ഭക്ഷണം കിട്ടുക അത്ര എളുപ്പമല്ലായിരുന്നു. ആ ബന്ധം മരിക്കുന്നതിനും രണ്ടാഴ്ച മുമ്പുവരെ നേരിൽ കണ്ടപ്പോൾ കുശലഭാഷണങ്ങളിലൂടെ അദ്ദേഹം അനുസ്മരിച്ചു. എന്റെ ജ്യേഷ്ഠനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും അന്വേഷിച്ചു. അങ്ങനെയുള്ള ഒരു ഹൃദയബന്ധമുള്ള ഒരാളെക്കുറിച്ച് വാക്കുകളിൽ അനുശോചനം പ്രകടിപ്പിക്കുക

എന്നത് ദുഷ്കരമാണ്. അദ്ദേഹത്തിന്റെ മികച്ച സേവനങ്ങളിൽ എനിക്ക് തോന്നിയിട്ടുള്ളത് പ്രവർത്തനങ്ങളിലെ ആത്മാർത്ഥത എന്നതിനുമപ്പുറം എപ്പോഴും പ്രസന്നചിത്തനായി കാണുന്ന അദ്ദേഹത്തിന്റെ രൂപമാണ്. പ്രസാദാത്മകത്വം എന്നാണ് അതിനെ പറയുക. ഇവിടെ ചൂണ്ടികാണിച്ചതുപോലെ, ഓർക്കുമ്പോൾ പ്രയാസം തോന്നുന്ന അനുഭവവും എ.സി. ജോസുമായി ബന്ധപ്പെട്ട് ഈ സഭയിൽ എനിക്ക് ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തെ സ്പീക്കർ സ്ഥാനത്ത് നിന്നും നീക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം ഈ സഭയിൽ എനിക്ക് അവതരിപ്പിക്കേണ്ടിവന്നു. 1982-1987 കാലഘട്ടത്തിലെ നിയമസഭാ സമ്മേളനത്തിൽ ബഹളങ്ങൾക്കിടയിൽ അരുതാത്തത് അങ്ങോട്ടും ഇങ്ങോട്ടും പറയുന്ന ഘട്ടംവരെ ആ തർക്കം എത്തിപ്പോയി. അതുകഴിഞ്ഞ് എ.സി. ജോസിന്റെ വീട്ടിൽ എത്തിയപ്പോൾ ജോസും ശശിയും തമ്മിൽ എന്താണെന്ന് അദ്ദേഹത്തിന്റെ പ്രിയ പത്നി ശ്രീമതി ലീലാമ്മ ചോദിക്കുന്ന ഇടംവരെ ആ വിഷയങ്ങൾ വന്നു. എനിക്ക് രണ്ടുതരത്തിൽ വല്ലാത്ത അനുഭവങ്ങൾ ഓർമ്മ വരുന്നൊരു സമയമാണ്. സമാനമായൊരു അനുഭവം ഈ സഭയിൽ മറ്റുള്ളവർക്ക് ആർക്കും ഉണ്ടായിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, വിഷമമേറിയ സാഹചര്യത്തിൽ തന്റെ രാഷ്ട്രീയ ധർമ്മം നിർവ്വഹിക്കുന്നതിന് സ്പീക്കർ

പദവിയേക്കാൾ പ്രാധാന്യം നൽകി എന്നത് വേണമെങ്കിൽ നല്ല അർത്ഥത്തിലും രേഖപ്പെടുത്താം, മറ്റൊരു അർത്ഥത്തിലും രേഖപ്പെടുത്താം. വിഷമിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതുമായ ധാരാളം അനുഭവങ്ങൾ എ.സി. ജോസുമായി പങ്കുവയ്ക്കാൻ സാധിച്ചിട്ടുള്ള എനിക്ക് അദ്ദേഹത്തിന്റെ ഓർക്കാപ്പുറത്തുള്ള നിര്യാണം എന്റെ ഒരു കുടുംബാംഗം നമ്മെ വേർപ്പെട്ടുപോയതിന്റെ തുല്യമായ ഒരു അനുഭവമാണ് എനിക്ക് ഉണ്ടായിട്ടുള്ളത്. ആ വേർപാടിൽ ദു:ഖിക്കുന്നവരോടൊപ്പം ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. ഭാര്യ ശ്രീമതി ലീലാമ്മയോടും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും എന്റെ പാർട്ടിയുടെ മാത്രമല്ല, വ്യക്തിപരമായ അനുശോചനവും രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, അന്തരിച്ച എ. സി. ജോസിനെ സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ യോജിക്കുകയാണ്. പത്ര-മാധ്യമരംഗത്ത് ഒരു പത്രത്തിന്റെ ചീഫ് എഡിറ്റർ എന്നുള്ള നിലയിൽ എ.സി. ജോസ് നിർവ്വഹിച്ച കൃത്യം അവസ്മരണീയമാണ്. പലപ്പോഴും അദ്ദേഹം വഹിച്ച പങ്കിനെ സംബന്ധിച്ച് ആ പാർട്ടിക്ക് നേതൃത്വം നൽകുന്ന, ആ പത്രത്തിന് നേതൃത്വം നൽകുന്ന ഉടമകൾ പോലും അദ്ദേഹത്തിനെതിരായി വിമർശനം ചൊരിയേണ്ടതായി വന്നിട്ടുണ്ട്. പക്ഷേ

തന്റെ നിഷ്പക്ഷത തെളിയിക്കുന്ന കാര്യത്തിലായിരുന്നു തന്റെ കൃത്യം ഏറ്റെടുത്ത് പ്രവർത്തിച്ചത്. പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ, പാവപ്പെട്ട തൊഴിലാളികളുടെ നേതാവായിരുന്നു എ. സി. ജോസ്. അക്കാര്യത്തിൽ എനിക്ക് അദ്ദേഹത്തോട് ബഹുമാനമുണ്ട്. അന്തരിക്കുന്ന കാലം വരെയും അദ്ദേഹം പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ശബ്ദിച്ചിരുന്നു. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, നിർമ്മാണ തൊഴിലാളി രംഗത്ത്, ഡയറക്ടർ ബോർഡിലും ഭരണസമിതിയിലും അദ്ദേഹം അവസാനകാലഘട്ടംവരെ പ്രവർത്തിച്ചിരുന്നു. രാഷ്ട്രീയ-സാമൂഹ്യ-ഭരണ-പത്ര-മാധ്യമം തുടങ്ങിയ എല്ലാ രംഗങ്ങളിലും ഒരുപോലെ ശോഭിച്ച എ. സി. ജോസിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും ദു:ഖം രേഖപ്പെടുത്തുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, പ്രിയപ്പെട്ട എ.സി. ജോസിന്റെ വേർപാട് നമ്മളെ സംബന്ധിച്ച് ഏറെ വേദനാജനകമായ ഒരു സന്ദർഭമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ അവിചാരിതമായുണ്ടായ വേർപാടായിരുന്നു അത്. അദ്ദേഹത്തെ സംബന്ധിച്ച് പറയുമ്പോൾ, അവസാന നിമിഷം വരെ കർമ്മനിരതനായിരുന്നു എന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്.

കർമ്മനിരതനായിരിക്കുമ്പോൾ ഈ ലോകത്തുനിന്ന് വേർപിരിയുക എന്നത് ഒരു വ്യക്തിയെ സംബന്ധിച്ച് ഏറ്റവും ഭാഗ്യം ചെയ്യുന്ന സന്ദർഭമാണ്. അദ്ദേഹം എല്ലാ അർത്ഥത്തിലും, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്നു. മേയർ, എം.പി., സ്പീക്കർ എന്നീ നിലകളിൽ അദ്ദേഹത്തെ വിലയിരുത്തുമ്പോൾ ഓരോ മേഖലയിലും അദ്ദേഹത്തിന്റെ വ്യക്തിത്വം പ്രകടിതമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക കൊച്ചിയുടെ ശില്പി എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാൻ കഴിയും. തൊഴിലാളി നേതാവ്, വിദ്യാർത്ഥി നേതാവ് എന്നീ നിലകളിലും കെ.എസ്.യു. എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ രൂപവും അടിത്തറയും പാകുവാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നതും ഈ സാഹചര്യത്തിൽ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. വീക്ഷണത്തിന്റെ പത്രാധിപരെന്ന നിലയിൽ മാധ്യമരംഗത്തും അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. അങ്ങനെ എല്ലാ മേഖലകളിലും നിറഞ്ഞുനിന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹവുമായി സംസാരിക്കുന്ന സന്ദർഭങ്ങളിലെല്ലാം ശാന്തമായ, തുറന്ന ഒരു സമീപനം അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞിരുന്നു. അത് ആരെയും ആകർഷിക്കുന്ന ഒന്നായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ വലിയൊരു വിടവ് സൃഷ്ടിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കാൻ പ്രാർത്ഥിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടുള്ള അനുശോചനവും എന്റെയും എന്റെ കക്ഷിയുടെയും പേരിൽ ഞാൻ രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി സഭ ഒന്നടങ്കം അല്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

ഈ സമ്മേളനം കഴിഞ്ഞാലുടൻതന്നെ ബി.എ.സി. കൂടുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 09-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 09.05-ന് പിരിഞ്ഞു.)

**********